(ബി) എങ്കിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കി ജലവിതരണം ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ഫണ്ട് നൽകി ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ബേക്കൽ റിസോർട്ട് സൈറ്റുകളിലേക്ക് ശുദ്ധജലവിതരണം നടത്തുന്നതിനും പദ്ധതി പ്രദേശത്തെ പഞ്ചായത്തുകളായ ചെമ്മനാട്, ഉദുമ, പള്ളിക്കര, അജാനൂർ എന്നിവിടങ്ങളിലെ കുടിവെള്ള ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനും ഏഴ് ദശലക്ഷം ലിറ്റർ പ്രതിദിനശേഷിയുള്ള ജലവിതരണ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വാട്ടർ ടാങ്കുകളുടെ നിർമ്മാണം പൂർണ്ണമായും പൂർത്തിയാവാത്തതും ഉദുമയിലെ റെയിൽവേ ലൈൻ ക്രോസിംഗ് പണിതീരാത്തതുമാണ് ജലവിതരണം ആരംഭിക്കുവാനുള്ള തടസ്സം.

(സി) പഞ്ചായത്തുകളുടെ സഹകരണത്തോടെ ജലവിതരണപദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ടൂറിസം, ദേവസ്വം വകുപ്പുകൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും

69 [1157] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 വർഷത്തെ ബഡ്ജറ്റിൽ ടൂറിസം ദേവസ്വം വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവച്ചെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ടൂറിസം, ദേവസ്വം വകുപ്പുകളിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും ഇതിനായി എത്ര തുക വീതം വകയിരുത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2004-05 വർഷത്തെ ബഡ്ജറ്റിൽ ടൂറിസം മേഖലയിൽ വിവിധ പദ്ധതികൾക്കായി വ്യത്യസ്ഥ ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെ വകയിരുത്തിയിരിക്കുന്ന തുകയുടെ വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. †

ദേവസ്വം വകുപ്പിൽ ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിനുകീഴിൽ വരുന്ന മലബാറിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്കായി 2004-05 വർഷത്തേയ്ക്ക് 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. [2250-00-103-95(N.P.)].

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ശമ്പളം നൽകുന്നതിനായി 2004-05 വർഷത്തിൽ 3 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. [2250-00-103-90(N.P.)].

(ബി) വിവിധ പദ്ധതികൾക്കായി വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലൂടെ 31-1-2005 വരെ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. †

ദേവസ്വം വകുപ്പിലെ തുകകൾ കമ്മീഷണറുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ വരവ് വച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ടൂറിസം മേഖലയിൽ ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരം അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.† ഇതിൽ പാലക്കാട് ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. ദേവസ്വം വകുപ്പിൽ സർക്കാരിന്റെ നൂറുദിന പരിപാടിയിൽപ്പെടുന്ന പ്രത്യേക പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

ശബരിമലയിലേക്ക് കെ.ടി.ഡി.സി.-ക്ക് ബസ്സുകൾ സർവ്വീസ് നടത്തിയയിനത്തിൽ ലഭിച്ച വരുമാനം

70 [1159] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതൽ 2003-04 വരെയുള്ള ഓരോ വർഷവും ശബരിമലയിലേക്ക് കെ.ടി.ഡി.സി. ബസ്സുകൾ നടത്തിയ ആകെ ട്രിപ്പുകൾ, യാത്ര ചെയ്തവരുടെ എണ്ണം, ടിക്കറ്റ് നിരക്ക്, ആകെ വരുമാനം, ലാഭം എന്നീ വിവരങ്ങൾ നൽകാമോ ;

(ബി) 1-4-2004 മുതൽ 31-1-2005 വരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞവ എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത ശബരിമല സീസൺ മുതൽ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നിന്നും കെ.ടി.ഡി.സി. ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ ആന്റ് ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി ആന്റ് ഡി) ഇല്ല. കെ.ടി.ഡി.സി.യുടെ പക്കൽ നിലവിലുള്ള ബസ്സുകൾ എല്ലാം അഞ്ച് വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ളവയാണ്. പുതിയവ വാങ്ങുവാൻ ഉദ്ദേശവുമില്ല. ആയതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ നിർവ്വാഹമില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly